# APPLICATION FOR EMPANELMENT OF VIDEO STRINGER

| | | | |
|---|---|---|---|
| 1 | Name of the Applicant (In capital letters) | : | |
| 2 | Date of Birth | : | |
| 3 | Gender | : | |
| 4 | Nationality | : | |
| 5 | Religion and Sub Caste | : | |
| 6 | Father's Name | : | |
| 7 | Mother's Name | : | |
| 8 | State, District, Taluk | | |
| 9 | Address for Communication | : | |
| 10 | Contact Number | | |
| | Land Line | : | |
| | Mobile | : | |
| 11 | Email ID | : | |
| 12 | Educational Qualifications | | |
| | a) Academic Qualification | : | |
| | b) Technical Qualification | : | |
| | Cinematography | : | |
| | Videography | : | |
| | Broadcast Journalism | : | |
| | Mass Communication | : | |
| | Journalism | : | |
| 13 | Experience in relevant field * | | |
| | | | |

| | | | |
|---|---|---|---|
| | (i) As a news camera person / videographer in terms of number of years / Institution / area of Specialization | : | |
| | (ii) As a news person / Broadcast / Journalist in terms of number of year / Institution area of Specialization* | : | |
| 14 | Equipment and Facilities owned | | |
| | HD Camera | : | |
| | Model | : | |
| | Make | : | |
| | Microphone | : | |
| 15 | Accessories | | |
| | Tripod | : | |
| | Cordless Lapel Mic | : | |
| | Lights | : | |
| 16 | Facilities / equipments own for editing Uploading footages | | |
| | Hardware | : | |
| | Software | : | |
| 17 | Permanent Account Number (PAN) | : | |
| 18 | AADHAR Number | : | |
| 19 | Details of Driving Licence Number, Type of Vehicle, Licence Validity | : | |
| 20 | Whether owned four wheeler | : | Yes / No |
| 21 | Whether a Central / State Government Employee? | : | |

| | | | |
|---|---|---|---|
| 22 | Whether had been condemned by the Court of Law? | : | |
| 23 | Additional claim, if any | : | |

** The area of specialization (News Coverage's, sports, Feature Films, Short Films, Documentaries, Films on developmental subjects /Coverage's on Agricultural Videos, etc need to be clearly indicated)*
** Documentary Evidence / Certificate to support the works undertaken (attach copies)*

I hereby declare that all the particulars furnished above are correct and complete to the best of my knowledge and belief and I am in possession of the documents in proof of the claims made in the application.

Place:
Date: SIGNATURE

**K ABDUL RASHEED**
**ADDITIONAL DIRECTOR**

06/10/2020

**<u>ന്യൂഡൽഹി ഇൻഫർമേഷൻ ഓഫീസിൽ വീഡിയോ സ്ട്രിംഗർമാരുടെ</u>**

**<u>പാനൽ രൂപീകരിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ</u>**

**വീഡിയോ സ്ട്രിംഗർമാരുടെ പാനൽ തയ്യാറാക്കാനുള്ള സമിതി**

വീഡിയോ സ്ട്രിംഗർ മാരുടെ നിയമനത്തിനായി ഒരു മൂന്നംഗ സമിതി രൂപീകരിക്കേണ്ടതാണ്. ന്യൂഡൽഹി ഡെപ്യൂട്ടി ഡയറക്ടർ, ഇൻഫർമേഷൻ ഓഫീസർ, ടെലിവിഷൻ മാധ്യമരംഗത്തെ വിദഗ്ധൻ (ബ്രോഡ്കാസ്റ്റ് ജേർണലിസ്റ്റ് / ക്യാമറാമാൻ) എന്നിവർ അംഗങ്ങളായുള്ള സമിതിയാണ് രൂപീകരിക്കേണ്ടത്. പ്രസ്തുത സമിതി വീഡിയോ സ്ട്രിംഗർമാരുടെ പാനലിനായുള്ള അപേക്ഷകളുടെ പരിശോധനയും, അപേക്ഷകരുടെ അഭിമുഖവും സംഘടിപ്പിച്ച് തിരഞ്ഞെടുപ്പ് നടത്തേണ്ടതാണ്.

**വീഡിയോ സ്ട്രിംഗർമാരുടെ എണ്ണം, കാലാവധി**

ഏറ്റവും കുറഞ്ഞത് രണ്ടു പേരെയോ, പരമാവധി അഞ്ച് പേരെയോ ഉൾപ്പെടുത്തി വേണം പാനൽ രൂപീകരിക്കേണ്ടത്. വീഡിയോ സ്ട്രിംഗർമാരുടെ പാനലിന്റെ കാലാവധി രണ്ടു വർഷമോ പുതിയ പാനൽ നിലവിൽ വരുന്നത് വരെയോ ആയിരിക്കും. അടുത്ത പാനൽ രൂപീകരിക്കാനുള്ള നടപടി നിലവിലുള്ള കാലാവധി പൂർത്തിയാകുന്നതിന് ഒരു മാസം മുൻപുതന്നെ ആരംഭിക്കേണ്ടതാണ്. കാലതാമസമില്ലാതെ പുതിയ പാനൽ നിലിവിൽ വരുന്ന രീതിയിൽ തെരഞ്ഞെടുപ്പ് പ്രക്രിയ ആരംഭിക്കേണ്ടതാണ്.

വീഡിയോ സ്ട്രിംഗർ മാരുടെ പാനലിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു കൊണ്ടുള്ള വാർത്ത പത്രക്കുറിപ്പായി നൽകേണ്ടതും, അപേക്ഷകർക്ക് കുറഞ്ഞത് പത്ത് ദിവസത്തെ സമയം അപേക്ഷ സമർപ്പിയ്ക്കുന്നതിന് നൽകേണ്ടതുമാണ്.

വീഡിയോ സ്ട്രിംഗർമാരുടെ പാനൽ രൂപീകരണം, തെരഞ്ഞെടുപ്പ്, അഭിമുഖം, വീഡിയോ സ്ട്രിംഗർമാരുടെ പ്രവർത്തനം എന്നിവയുടെ പൂർണ മേൽനോട്ട ചുമതല ഡെപ്യൂട്ടി ഡയറക്ടർക്കായിരിക്കും.

**യോഗ്യതയും പ്രവൃത്തി പരിചയവും**

1. ദൃശ്യമാധ്യമ രംഗത്ത് വാർത്താ വിഭാഗത്തിൽ കുറഞ്ഞത് ഒരു വർഷത്തെ പ്രവൃത്തി പരിചയം.

2. വിദ്യാഭ്യാസ യോഗ്യത: പ്രീ ഡിഗ്രി / Plus-Two (അഭിലഷണീയം)

3. സ്വന്തമായി HD പ്രൊഫഷണൽ ക്യാമറ ഉണ്ടായിരിക്കണം.

4 . വിഷ്വൽ എഡിറ്റ് ചെയ്യുന്നതിനുള്ള സാങ്കേതിക അറിവ് ഉണ്ടായിരിക്കണം. ഏതെങ്കിലും പ്രൊഫഷണൽ എഡിറ്റ് സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്ത ലാപ് ടോപ്പ് സ്വന്തമായി ഉണ്ടായിരിക്കണം.

5. ദൃശ്യങ്ങൾ തൽസമയം നിശ്ചിത സെർവറിൽ അയയ്ക്കാനുള്ള സംവിധാനം ലാപ് ടോപ്പിൽ ഉണ്ടായിരിക്കണം.

6 . സ്വന്തമായി ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം. വാഹനം ഉണ്ടായിരിക്കുന്നത് അഭിലഷണീയമായിരിക്കും.

7 . എഡിറ്റ് സ്യൂട്ട് കാലാനുസൃതമായ മറ്റ് ഇലക്ട്രോണിക് ന്യൂസ് ഗാതറിംഗ് സൗകര്യങ്ങൾ തുടങ്ങിയവ സ്വന്തമായി ഉള്ളത് പ്രത്യേക യോഗ്യതയായി കണക്കാക്കും.

8. ഡൽഹിയിൽ സ്ഥിരതാമസമുള്ള വ്യക്തിയാകണം.

9 . ക്രിമിനൽ കേസുകളിൽ ഉൾപ്പെടുകയോ, ശിക്ഷിക്കപ്പെടുകയോ ചെയ്തിട്ടുള്ളവരാകരുത്.

**അപേക്ഷിക്കേണ്ട രീതി**

നിശ്ചിത ഫോറത്തിലുള്ള അപേക്ഷ അവസാന തീയതിക്ക് മുൻപായി ന്യൂഡൽഹി ഇൻഫർമേഷൻ ഓഫീസിൽ ലഭിക്കണം. അപേക്ഷാഫോറം ന്യൂഡൽഹി ഇൻഫർമേഷൻ ഓഫീസിലോ, www.prd.kerala.gov.in എന്ന വെബ് സൈറ്റിലോ ലഭിക്കും. അപേക്ഷയോടൊപ്പം അനുബന്ധത്തിൽ പറയുന്ന രേഖകൾ ഹാജരാക്കണം.

**കരാർ**

പാനലിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന വീഡിയോ സ്ട്രിംഗർമാർ ന്യൂഡൽഹി ഇൻഫർമേഷൻ ഓഫീസറുമായി കരാറിൽ ഒപ്പ് വയ്ക്കേണ്ടതാണ്. ചുവടെ പറയുന്ന കാരണങ്ങളാൽ കരാർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ നിക്ഷിപ്തമാണ്.

1. രണ്ടിൽ കൂടുതൽ പ്രാവശ്യം ആവശ്യപ്പെട്ട കവറേജ് പ്രവൃത്തി ചെയ്തില്ലെങ്കിൽ

2. കവറേജ് ചെയ്ത് നൽകുന്ന വിഷ്വലുകൾ നിശ്ചിത ഗുണമേന്മ ഇല്ലാത്തതാണെങ്കിൽ

3. കവറേജ് കഴിഞ്ഞ് നിശ്ചിത സമയത്തിനുള്ളിൽ സെർവറിലേക്ക് എഡിറ്റ് ചെയ്ത വിഷ്വലുകൾ അപ് ലോഡ് ചെയ്തില്ലെങ്കിൽ

4. വീഡിയോ സ്ട്രിംഗർമാർ നൽകുന്ന പ്രവൃത്തികൾ മറ്റുള്ളവർക്ക് സബ്-കോൺട്രാക്ട് നൽകുകയാണെങ്കിൽ

5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന് വേണ്ടി എടുക്കുന്ന വിഷ്വലുകൾ വകുപ്പിന്റെ അനുമതിയില്ലാതെ മറ്റ് വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ നൽകുകയാണെങ്കിൽ

6 . അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള വസ്തുതകൾ വാസ്തവ വിരുദ്ധമാണെന്ന് ബോധ്യപ്പെട്ടാൽ

7 . വകുപ്പിന്റെയോ സർക്കാരിന്റെയോ താൽപര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ സ്ട്രിംഗർഷിപ്പ് ദുരുപയോഗം ചെയ്യുകയോ ചെയ്താൽ വീഡിയോ സ്ട്രിംഗർമാരെ പാനലിൽ നിന്നും പുറത്താക്കുന്നതിനുള്ള അധികാരം ന്യൂഡൽഹി ഡെപ്യൂട്ടി ഡയറക്ടറിൽ നിക്ഷിപ്തമാണ്. ഡൽഹി ഇൻഫർമേഷൻ ഓഫീസറുടെ ശിപാർശ പ്രകാരമായിരിക്കും ഡെപ്യൂട്ടി ഡയറക്ടർ നടപടി സ്വീകരിക്കുക.

**കവറേജിന് ആവശ്യമുള്ളത്**

ഓരോ കവറേജിലും റഷസ്, എഡിറ്റ് ചെയ്ത ഫൂട്ടേജ്, സ്ക്രിപ്റ്റ് എന്നിവ ഉണ്ടായിരിക്കണം. സെർവറിൽ അയയ്ക്കുന്നത് പരമാവധി മൂന്ന് മിനിറ്റ് ദൈർഘ്യമുള്ള, എഡിറ്റ് ചെയ്ത വിഷ്വലുകളായിരിക്കണം. ഷൂട്ട് ചെയ്യുന്ന വിഷ്വലുകളുടെ ഉടമസ്ഥാവകാശം ഐ&പി.ആർ.ഡി.ക്കുള്ളതാണ്. വകുപ്പിലെ ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്ന വീഡിയോ കവറേജ്, കരാർ പ്രകാരം എടുത്ത് നൽകാൻ വീഡിയോ സ്ട്രിംഗർമാർ ബാധ്യസ്ഥരാണ്. ഷൂട്ട് ചെയ്ത റഷസ് ഡിവിഡി / പെൻഡ്രൈവ് എന്നിവയിൽ ന്യൂഡൽഹി ഇൻഫർമേഷൻ ഓഫീസിൽ നൽകേണ്ടതാണ്.

**കവറേജിനുള്ള നിരക്കുകൾ**

കവറേജിന് വീഡിയോ സ്ട്രിംഗർമാർക്ക് നൽകുന്ന നിരക്കുകൾ നിശ്ചയിക്കാനുള്ള പൂർണ അധികാരം ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിൽ നിക്ഷിപ്തമായിരിക്കും. വീഡിയോ കവറേജിന് വകുപ്പ് നിശ്ചയിച്ചിട്ടുള്ള നിരക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നം | ഇനം | നിരക്ക് |
|---|---|---|
| 1 | <u>സാധാരണ കവറേജ്</u> (ആസ്ഥാനത്ത് നിന്ന് 20 കി.മീ. ചുറ്റളവിൽ) : റഷസിന്റെ ദൈർഘ്യമോ, ഫൂട്ടേജിന്റെ ഉപയോഗമോ, ഷൂട്ട് ചെയ്യാനെടുക്കുന്ന സമയമോ പരിഗണിക്കുകയില്ല. യാത്രാ ചെലവ്, റഷസ്, എഡിറ്റ് ചെയ്ത ഫൂട്ടേജിന്റെ upload എന്നിവ ഉൾപ്പെടെയുള്ള നിരക്ക് | 1200/- രൂപ |

| | | |
|---|---|---|
| 2 | ഔട്ട് സ്റ്റേഷൻ കവറേജ് (ആസ്ഥാനത്തു നിന്ന് 20 കി.മീ. ചുറ്റളവിനു പുറത്ത്) - റഷസിന്റെ ദൈർഘ്യമോ, ഫുട്ടേജിന്റെ ഉപയോഗമോ, ഷൂട്ട് ചെയ്യാനെടുക്കുന്ന സമയമോ പരിഗണിക്കുകയില്ല. യാത്രാ ചെലവ്, റഷസ്, എഡിറ്റ് ചെയ്ത ഫുട്ടേജിന്റെ upload എന്നിവ ഉൾപ്പെടെയുള്ള നിരക്ക്. ** | 1500/- രൂപ |
| 3 | എക്സ്റ്റന്റഡ് കവറേജ് (ആസ്ഥാനത്തു നിന്ന് 1 0 കി.മീ. ചുറ്റളവിന് പുറത്ത്) - 6 മണിക്കൂറിലധികമുള്ള കവറേജ് രണ്ട് കവറേജായി പരിഗണിക്കുകയും, ആദ്യത്തേതിന് 1200/- രൂപ നിരക്കിലും, രണ്ടാമത്തേതിന് 900/- രൂപ നിരക്കിലും (ആദ്യ കവറേജ് നിരക്കിന്റെ 75% ). | 2100/- രൂപ |
| 4 | ഫുൾ വീഡിയോ ഡോക്യുമെന്റേഷൻ - ആവശ്യമായ സന്ദർഭങ്ങളിൽ രണ്ട് ക്യാമറ ഉപയോഗിച്ചും, ഡയറക്ടറേറ്റിൽ നിന്നും നിർദ്ദേശിക്കുന്ന പക്ഷം സ്വിച്ചുപയോഗിച്ച് രണ്ടിലധികം ക്യാമറ ഉപയോഗിച്ചും ഡോക്യുമെന്റേഷൻ ചെയ്യുന്നതിനുള്ള നിരക്ക് | 2000/- രൂപ |

** ഔട്ട് സ്റ്റേഷൻ കവറേജുകൾക്കായി ഏറ്റവും അടുത്തുള്ള പാനൽ സ്ട്രിംഗറുടെ സേവനം ഉപയോഗിക്കേണ്ടതാണ്.

**തെരഞ്ഞെടുപ്പ് പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ.**

1. സമർപ്പിച്ചിട്ടുള്ള അപേക്ഷ ബന്ധപ്പെട്ട സമിതി സൂക്ഷ്മപരിശോധന നടത്തിയാകും ചുരുക്കപട്ടിക തയ്യാറാക്കുക. പ്രവൃത്തിപരിചയം, മറ്റ് ഉപകരണങ്ങൾ എന്നിവയൊക്കെ ഉണ്ടെന്നു ബോധ്യമായ അപേക്ഷകൾ മാത്രം ചുരുക്കപട്ടികയിൽ ഉൾപ്പെടുത്തുന്നതാണ്.

2. ഷോർട്ട് ലിസ്റ്റിലുള്ള അപക്ഷേകരെ കൊണ്ട് ടെസ്റ്റ് കവറേജ് നടത്തുക.

3. അഭിമുഖം

4. ക്യാമറ, ലാപ് ടോപ്, ഇന്റർനെറ്റ് സൗകര്യം, തുടങ്ങിയവയുടെ പരിശോധന

5 . അന്തിമ ലിസ്റ്റ്. പരമാവധി അഞ്ച് പേരെ പാനലിൽ ഉൾപ്പെടുത്തണമെങ്കിലും അന്തിമ ലിസ്റ്റിൽ അഞ്ചിൽ കൂടുതൽ പേരെ ഉൾക്കൊള്ളിക്കാവുന്നതാണ്. പാനലിൽ വരുന്ന ഒഴിവുകളിലേക്ക് ഈ ലിസ്റ്റിൽ നിന്നും സീനിയോറിട്ടി ക്രമത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

വീഡിയോ സ്ട്രിംഗർ മാരെ തെരഞ്ഞെടുക്കുന്നതിന് പ്രധാനമായും പരിഗണിക്കേണ്ടത് ന്യൂസ് കവറേജിലുള്ള പ്രവൃത്തി പരിചയമാണ്. അപേക്ഷകന് സ്വന്തമായുള്ള ക്യാമറ, മറ്റ് ഉപകരണങ്ങൾ, വാഹനം, എഡിറ്റിങ്ങ് പ്രാവീണ്യം, ടെലഫോൺ, വാഹനം, ഇന്റർ നെറ്റ് സൗകര്യം എന്നിവയും പരിശോധിക്കപ്പെടണം. അന്തിമ ലിസ്റ്റ് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുകയും പാനലിൽ ഉൾപ്പെടുത്തിയിട്ടുള്ളവരെ നേരിട്ട് അറിയിക്കേണ്ടതുമാണ്. എംപാനൽ ചെയ്യപ്പെട്ട വീഡിയോ സ്ട്രിംഗർമാരുടെ വിശദവിവരം ഐ&പി.ആർ.ഡി ഡയറക്ടർ ക്ക് 1 5 ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. പാനലിൽ ഉൾപ്പെട്ടിട്ടുള്ള വീഡിയോ സ്ട്രിംഗർമാർ ഇൻഫർമേഷൻഓഫീസറുമായി കരാറിലേർപ്പെടേണ്ടതാണ്. കരാറിന്റെ മാതൃക www.prd.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. നിലവിലുള്ള പാനലിലെ വീഡിയോ സ്ട്രിംഗർമാരും മേൽ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**രജിസ്റ്റർ**

ന്യൂഡൽഹി ഇൻഫർമേഷൻ ഓഫീസിൽ വീഡിയോ സ്ട്രിംഗർമാരുടെ പ്രവർത്തനം സംബന്ധിച്ചൊരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. പാനലിലുള്ള എല്ലാ വീഡിയോ സ്ട്രിംഗർമാർക്കും തുല്യമായി ജോലിലഭിക്കുന്ന തരത്തിൽ ചാക്രികമായി കവറേജ് വർക്ക് നൽകേണ്ടതാണ്.

**കെ അബ്ദുൽ റഷീദ്**
**അഡിഷണൽ ഡയറക്ടർ**

06/10/2020

## വീഡിയോ സ്ട്രിംഗർമാരുടെ തിരഞ്ഞെടുപ്പിനുള്ള സമയക്രമം

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 16/11/2020 വൈകിട്ട് അഞ്ച് മണി

അപേക്ഷകളുടെ സൂക്ഷ്മപരിശോധന, അഭിമുഖം, ഉപകരണങ്ങളുടെ പരിശോധന, ടെസ്റ്റ് കവറേജ് എന്നിവ: 2020 ഡിസംബർ 15നകം

അന്തിമ പട്ടിക: 2020 ഡിസംബർ 31നകം